


# CYBER DREAMS





LITTLE KITES

2018-2019

GHSS NEDUNGOME

2018-20192

# ആശംസ



നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ് അംഗങ്ങൾ പഠനത്തിലും ഐ.ടിരംഗത്തും അച്ചടക്കത്തിലും മികച്ചവരാണ്. ക്ലബ്ബ് അംഗങ്ങളുടെ കൂട്ടായ്മയിലൂടെ നിർമ്മിക്കപ്പെട്ട ഡിജിറ്റൽ മാഗസീൻ ഏറെ മികച്ചതാണ്. ഇതിനു പിന്നിൽ പ്രവർത്തിച്ച കൈറ്റ് മാസ്റ്റർ, മിസ്ട്രസ്, കൈറ്റ് അംഗങ്ങൾ മറ്റദ്ധ്യാപകർ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു.ആശംസകളോടെ

എം.പി. പ്രസന്ന
[ഹെഡ്മിസ്ട്രസ്]
ജി. എച്ച്. എസ് നിടുങ്ങോം.

# ആശംസ

ജി.എച്ച്.എസ് നിടുങ്ങോം സ്കൂളിലെ ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ കൂട്ടായ്മയിലൂടെ നിർമ്മിക്കപ്പെട്ട ഡിജിറ്റൽ മാഗസീൻ ഏറെ മികച്ചതാണ്. ഇതിനു പിന്നിൽ പ്രവർത്തിച്ച കൈറ്റ് മാസ്റ്റർ, മിസ്ട്രസ്, കൈറ്റ് അംഗങ്ങൾ മറ്റദ്ധ്യാപകർ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു. ആശംസകളോടെ.....

ടി.കെ പ്രഭാകരൻ
[പി.ടി.എ പ്രസിഡന്റ്]
ജി.എച്ച്.എസ് നിടുങ്ങോം

# എഡിറ്റോറിയൽ ബോർഡ്

## എഡിറ്റർ:ജയചന്ദ്രൻ പി.വി

## ഉപദേശകസമിതി

### എം.പി പ്രസന്ന

### അബ്ദുൾ മജീദ് വി.പി
### ട്രീസ മരിയ

## അംഗങ്ങൾ

### ആദിത്യനാഥ് കെ വി
### അമൽരാജ് എം സി
### വിഷ്ണു കെ
### അഭിൻദേവ് സുമേഷ്

# അമ്പലമണി

## [പുസ്തകാസ്വാദനം]



അഞ്ജന കെ സി

സമകാല മലയാളകവിതയിലെ ഏറ്റവും ശ്രദ്ധേയമായ ശബ്ദത്തിന്റെ ഉടമയായ സുഗതകുമാരിയുടെ മനോഹരമായ സമകാലകവിതാസമാഹാരമാണ് 'അമ്പലമണി'.മലയാളിയുടെ കാവ്യഹൃദയത്തിൽ എക്കാലവും ജീവിക്കുന്ന ഒരപൂർവസൗന്ദര്യമാണ് സുഗതകുമാരിയുടെ കവിത.ദർശനപരമായ ഒരു വിഷാദം സുഗതകുമാരിയുടെ അന്തർധാരയായി വർത്തിക്കുന്നു.മനുഷ്യജീവിതത്തിന്റെ തുടർച്ചയെപ്പറ്റി ഭയാശങ്കകളോടെ ചിന്തിക്കുന്ന ഗായികയുടെ മധുരശബ്ദം മുത്തുച്ചിപ്പി മുതലുള്ള എല്ലാ കവിതാസമാഹാങ്ങളിലൂടെയും നമുക്ക് കേൾക്കാം.

1982-ലെ ഓടക്കുഴൽ അവാർഡും, 1984-ലെ വയലാർ അവാർഡും,ആശാൻ പ്രൈസും ലഭിച്ച കൃതിയാണ് അമ്പലമണി.അമ്പലമണിയും മറ്റ് നാൽപ്പത് കവിതകളുമടങ്ങുന്നതാണ് ഈ കവിതാസമാഹാരം.വളരെ ദീർഘവും ഹ്രസ്വവും ലളിതവുമായ ഈ നാൽപ്പത്തിയൊന്ന് കവിതകളുടെ ആത്മാവ് പ്രൗഢവും ലളിതവുമായ അവതാരികയിലൂടെ എം.ലീലാവതി അവതരിപ്പിക്കുന്നു.

"ആരോപറയുന്ന തെംസ്സദി നിന്നോട്
മൂകാനുരാഗം കലർന്നൊരാൾ വന്നപോൾ
ആകെയിരുണ്ടു തളർന്നിഴയുന്ന നിൻ
യാതന കണ്ടാ മിഴികൾ നിറയവെ "

ലണ്ടൻ നഗരത്തെ മനോഹരമാക്കിക്കൊണ്ട് ഒഴുകിയിരുന്ന ഏവരുടെയും കണ്ണഞ്ചിപ്പിക്കുന്ന സൗന്ദര്യമുള്ള നദിയായിരുന്നു തെംസ്സ

*ദി. ദിനരാത്രങ്ങൾ കടന്ന് പോകുന്തോറും മനുഷ്യരുടെ ക്രൂരപ്രവൃത്തികൾ തെംസ് നദിയെ ഇല്ലാതാക്കിക്കൊണ്ടിരുന്നു. തെംസ്നദിയുടെ മനോഹാരിതയെപ്പറ്റി കേട്ടറിഞ്ഞെത്തിയവർ കണ്ടത് മലിനജലം കൊണ്ടും നിറഞ്ഞ നദിയെയായിരുന്നു. കാഴ്ചക്കാർ നിശബ്ദരായെങ്കിലും നദിയുടെ ദുരവസ്ഥ കണ്ട് മനംനൊന്ത ഏതോ ഒരു പ്രകൃതിസ്നേഹി നദിയെ പഴയ അവസ്ഥയിലേക്ക് കൊണ്ടുവരാൻ മുന്നിട്ടിറങ്ങി.*

*ആ രാഗമല്ലലായ്, ദീപമാം യജ്ഞമായ്*
*തീരവേ രണ്ടു കരങ്ങളാരയിരം*
*ധീരഹസ്തങ്ങളായ് മാറി, നിൻ നിർജീവ*
*വാരിയെക്കോരിക്കഴുകിയെടുത്തുപോൽ"*
*നിരവധി പേരുടെ പരിശ്രമഫലമായി*

*തെംസ് നദി വീണ്ടു തന്റെ ജീവിതം വീണ്ടെടുക്കുകയും നദിയുടെ ഉറ്റ തോഴരായ സാമൺ മത്സ്യങ്ങൾ നദിയിൽ നീന്തിത്തുടിക്കു*

*കയും ചെയ്തു.*

*"ഹാ! വിദൂരത്തിലാമുഖം കാൺകെ*
*ജീവനിലാകെ രോമാഞ്ചമായി"*
*ആ മിഴികളിലൊന്നു നോക്കുമ്പോൾ*
*പ്രാണനിൽ പരമാനന്ദമായി!*

*ഉജ്ജ്വലമായ പ്രണയനിമിഷങ്ങളുടെ വ്യത്യസ്തമായ പ്രതലത്തിൽ നിന്നു കൊണ്ട് രചിച്ച കവിതയാണ് 'സ്രുതീപർവ്വം'.*

*"നിന്റെ കുഴൽ 'പോരു! വസന്തമായ്'!*
*എന്നെന്റെ*
*യന്തരംഗത്തിലല ചേർക്കേ*
*ഞാനെന്റെ പാഴ്ക്കൂടിലടച്ച*
*തഴുതിട്ടിരു*
*ന്നാനന്ദബാഷ്പം പൊഴിച്ചു*

*ആരോരുമറിയാതെ നിന്നെയുള്ളിൽവെ*
*ച്ചാത്മാവു കൂടിയർച്ചിച്ച*
*കൃഷ്ണ..... നീയെന്നെയറിയില്ല...."*
*ഈ മൂകാരാധന മുദുലവും ഗുളടെ നീലസൂര്യന്റെ നിരീക്ഷണവീഥിയിൽ പ്പോലും പെട്ടുപോകുന്നില്ല. അഥവാ, അവളങ്ങനെയാണ് കരുതുന്നത് അവൾ ആധന്യത സ്വയം അനുഭവിക്കുന്നുണ്ടെന്നറിയുകയും ചെയ്യുന്നു. എന്നിട്ടും സ്വന്തം ലജ്ജയുടെയുംമൂകതയുടെയും മൂടുപടം വലിച്ചുകീറി ക്കളയാൻ പ്രേരിപ്പിക്കുന്ന ഉത്തമധീരതയ്ക്ക് കീഴടങ്ങാൻ അവൾ ഒരുങ്ങുന്നില്ല. അവൾ തന്റെ ഹൃദയത്തിലേക്കുള്ള വാതിലുകൾ അടച്ച് പൂട്ടുകയും, അഭിമാനം അവളുടെ ആത്മാവണിഞ്ഞ ഏറ്റവും മഹത്തായ ഭൂഷണമായി തീരുകയും ചെയ്യുന്നു. ഒടുവിലവൾക്കും കരഗതമായി ധന്യതയുടെ ഒരു കൊച്ചു നിമിഷം കൈവരുന്നു.*
*നിഗൂഢമായി കൃഷ്ണനെ ആത്മാവുകൊണ്ട് അർച്ചിച്ചുപോന്ന ഗോപികയും, കൃഷ്ണൻ കാലിൽ കോലരക്കിൻ ചാറണിഞ്ഞുകൊടുക്കുമ്പോൾ പുളകിതയാകുന്ന രാധികയും, മക്കളെ മാറോടണയ്ക്കുന്ന സീതയും, ഷേയ്ക്കിന്റെ സന്തതികൾക്ക് ധാത്രിയാകാൻ മരുഭൂമിയിയിലേക്ക് പോകുന്ന ജെസ്സിയും സ്ത്രീയുടെ ഗതകാലസന്തതികളാണ്. ഇവർ നൽകുന്ന അനുഭൂതി കടലിന്റെ പ്രക്ഷുബ്ധതയും കൊടുങ്കാറ്റിന്റെ ആഞ്ഞടിക്കലുമാണ്.*
*അമ്പലമണിയും മറ്റ് നാൽപ്പത് കവിതകളുമടങ്ങുന്ന ഈ കവിതാസമാഹാരം വികസ്വരപുഷ്പത്തിന്റെ പുതുതരിമളം വായനക്കാരിലേക്കെത്തിക്കുന്നു.*




***ഭൂമിയെ***
***സംരക്ഷിക്കുക***

# ഒ.വി.വിജയൻ



വിഷ്ണു.കെ

നോവലിസ്റ്റ്, ചെറുകഥാകൃത്ത്, കാർട്ടൂണിസ്റ്റ്, രാഷ്ട്രീയചിന്തകൻ, പത്രപ്രവർത്തകൻ .1930 ജൂലൈ 2 ന് പാലക്കാട് വിളയാൻചാത്തനൂരിൽ ജനിച്ചു.ചെന്നൈ പ്രസിഡൻസി കോളേജിൽ നിന്ന് ഇംഗ്ലീഷ്.എം.എ കുറച്ചുകാലം കോളേജിൽ അദ്ധ്യാപകൻ.പിന്നീട് ശങ്കേഴ്സ് വീക്ലി,ദ സ്റ്റേറ്റ്സ്മാൻ, എന്നീ ആനുകാലികങ്ങളിൽ പത്രപ്രവർത്തകൻ.നോവൽ,കഥ, ലേഖനം, കാർട്ടൂൺ, തുടങ്ങിയ വിഭാഗങ്ങളിലായി 30 കൃതികൾ.1990 ൽ കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്.1991 ൽ വയലാർ അവാർഡ്[ഗുരുസാഗരം]1992 ൽ മുട്ടത്തുവർക്കി അവാർഡ്[ഖസാക്കിന്റെ ഇതിഹാസം],1999 ൽ എം.പി പോൾ അവാർഡ്[തലമുറകൾ]എന്നീ പുരസ്കാരങ്ങൾ. 2001 ൽകേരള ഗവൺമെന്റിന്റെ എഴുത്തച്ഛൻ പുരസ്കാരം.2003 ൽ രാഷ്ട്രം പത്മഭൂഷൻ ബഹുമതി നൽകി ആദരിച്ചു.2005 മാർച്ച് 5 ന് അന്തരിച്ചു.





# സ്ക്കൂളിലെഗ്രന്ഥശാല

ദേവിക പ്രഭാകരൻ

ഓരോസ്കൂളിലും ഒരു ഗ്രന്ഥശാല ഉണ്ടാകും. അവിടെ വളരെയധികം പുസ്തകങ്ങൾ ശേഖരിച്ചുവച്ചിട്ടുണ്ടാകും. കുട്ടികൾക്കും അധ്യാപകർക്കുംവായിക്കുവാൻവേണ്ടി ശേഖരിച്ചുവെക്കുന്നതാണ് ഈ പുസ്ത്കങ്ങൾ. അറിവ് വർദ്ധിപ്പിക്കാൻ ഏറ്റവും നല്ല മാർഗ്ഗമാണ് പുസ്തതകങ്ങൾ. ഗ്രന്ഥശാലയിൽ പുസ്തകങ്ങൾ മാത്രമല്ല അനേകം മാസികകളും ദിനപത്രങ്ങളുമുണ്ട. ഇതിന്റെ ഫലമായി അദ്ധ്യാപകർക്കൊക്കെ അവരുടെ അറിവ് പുതുക്കിക്കൊണ്ടിരിക്കാൻ സാധിക്കും. ഗ്രന്ഥശാലയിൽ പുസതകം സൂക്ഷിക്കുന്നത് ഒരു പ്രത്യേക ക്രമത്തിലാണ് ഇംഗ്ലിഷിനും മറ്റ ഭാഷകൾക്കും വേറെ വേറെ ഷെൽഫുകൾ ഉണ്ട. ഇത് കൂടാതെ സാഹിത്യം,ചരിത്രം,ഭൂമിശാസ്ത്രം, ജീവശാസ്ത്രം, എന്നിങ്ങനെ വിഭാഗങ്ങളായി പുസ്തകങ്ങൾ കൃത്യമായി തരം തിരിച്ചിട്ടുണ്ട്.ഗ്രന്ഥശാലയുടെ ചുമതല ലൈബ്രേറിയന്റേതാണ്.അദ്ധേഹം കുട്ടികൾക്ക് പുസതകങ്ങൾ നൽകുകയും ചെയ്യുന്നു. പുസ്തക വയനയിലൂടെ നമ്മുടെ അറിവ് വർദ്ധിച്ചു കൊണ്ടേയിരിക്കും



## അറിവിന്റെ നിറകുടങ്ങൾ

# ലോകോത്തര സൃഷ്ടികൾ ഇന്ത്യയിലൂടെ



ജിതിൻ എ. കെ

മഹത്തായ കാവ്യസൃഷ്ടികൾ എന്നും കാലത്തെ അതിജിവിക്കുന്നതാണ് എന്ന് കാളിദാസന്റെയും എഴുത്തച്ഛന്റെയും കൃതികൾ തെളിയിക്കുന്നു.

ഭാരതത്തിലെ തന്നെ മഹാനായ കവിയാണ് കാളിദാസൻ. കാളിദാസൻ തന്റെമഹത്തായ ഏഴ് കൃതികളല്ലൂടെ ലോകപ്രശസ്തിനേടി. കേരളത്തിന്റെ മഹാകവിയും മലയാളഭാഷയുടെ പിതാവുമായ എഴുത്തച്ഛൻ തന്റെ കാവ്യസൃഷ്ടികളിലൂടെ കേരള സംസ്ക്കാരത്തെ മഹത്വമുള്ളതാക്കി.

വിശ്വകവിയായ കാളിദാസന്റ തന്റെ ഏഴകൃതികൾ കൊണ്ടുതന്നെ ലോകപ്രശസ്തനായി. ഋതുസംഹാരം, മേഘസന്ദേശം, ഖണ്ഡകാവ്യവും കുമാരസംഭവം, രഘുവംശം എന്നിവ മഹാകാവ്യങ്ങളും, മാളവികാഗ്നിമിത്രം , വിക്രമോർവ്വശീയം , അഭിജ്ഞാനകുന്തളം, തുടങ്ങിയവ നാടകങ്ങളുമാണ്.

ആദ്യ സന്ദേശകാവ്യം കാളി ദാസന്റെ മേഘസന്ദേശമാണ്. പ്രിയജനവിരഹം മനുഷ്യ നിലുണ്ടാക്കുന്നവെമ്പല്യം വേദനയുമാണ് ഇതിന്റെ പ്രതി പാദ്യവിഷയം. മേഘസന്ദേശത്തെപ്പോലെ ലോകപ്രശസ്തി നേടിയ മറ്റൊരു കാവ്യം ഇല്ലെന്നുതന്നെ പറയാം. പരസ്പരസ്നേഹത്തിന്റെമഹിമയാണ് അദ്ധേഹത്തിന്റെ മിക്ക കൃതികളിലെയും പ്രതിപാദ്യവിഷയം. എന്നാൽ കാളിദാസ കൃതികളിൽ ജനമനസ്യം കീഴടക്കിയത് ശാകുന്തളമാണ്. ഭൂമിയും സ്വർഗ്ഗവും ഒറ്റവാക്കിൽ പറയാവുന്നതാണ് ശാകുന്തളം. കാളിദാസ കൃതികൾക്ക് ഇതിഹാസ സമാനമായ പ്രാധാന്യമുണ്ടായിട്ടും അദ്ധേഹത്തിന്റെ ഓരോ കൃതികളും കാലാതീതമാണ്. നമ്മുടെ ജീവിതത്തിന് പ്രചോദനം നൽകാൻ ഇപ്പോഴും അദ്ധേഹത്തിന്റെ കൃതികൾക്ക് ശക്തിയുണ്ട്.

കേരളത്തിന്റെ എക്കാലത്തെയും മഹാനായ കവിയാണ് എഴുത്തച്ഛൻ. അദ്ധേഹത്തോടുകൂടി മലയാള സാഹിത്യലോകം ഒരു പുതുയുഗത്തിലേക്ക്

പ്രവേശിച്ചു.സംസ്കൃതത്തിൽ നിന്നും മലയാളഭാഷയെ അതിന്റെ സ്വാഭാവികതയിലേക്ക് നയിച്ചത് ഇദ്ദേഹമാണ്.ഏത് വിഭാഗം ജനങ്ങളെയും ഏകീകരിക്കാൻ അദ്ദേഹത്തിന്റെ കൃതികൾക്ക് സാധിച്ചു.

അധ്യാത്മരാമായണം കിളിപ്പാട്ട്

,മഹാഭാരതം കിളിപ്പാട്ട്,ഹരിനാമ കീർത്തനം, ദേവീമാഹാത്മ്യം എന്നിവ എഴുത്തച്ഛന്റെ കൃതികളാണ്. അദ്ദേഹത്തിന്റെ കാവ്യസൃഷ്ടികളോരോന്നും അത്യധികം ആശയങ്ങൾ നിറഞ്ഞതായിരുന്നു. അദ്ദേഹത്തിന്റെ ഓരോ ആശയങ്ങളും എക്കാലവുംപ്രസക്തമാണ്. ഭക്തിയും തത്ത്വചിന്തയുമെല്ലാം എഴുത്തച്ഛന്റെ കൃതികളുടെ പ്രത്യേകതയാണ്. അദ്ദേഹം പുരാണ കഥകളെ തനതായ രീതിയിൽ വിവർത്തനം ചെയ്തു. ഇത്തരത്തിൽ നിരവധി കാവ്യസൃഷ്ടികളിലൂടെ എഴുത്തച്ഛൻ തന്റെ മികവ് തെളിയിച്ചു.എന്നും മനസ്സിൽ ഉറച്ചുനിൽക്കുന്ന ജീവിതദർശനം നൽകിയ കാലത്തിനും ദേശത്തിനും അതീതമായ പ്രതിഭകളാണ് കാളിദാസനും എഴുത്തച്ഛനും.ഈ മഹാകവികളെ കാലത്തിനും അതീതരാക്കിയത് മഹത്തായ കൃതികളാണ്.



പ്രകൃതിയെ സംരക്ഷിക്കുക

# ജീവിതയാത്ര



കവിത

ആദിത്യനാഥ് കെ വി

ഒരു തുണ്ടു തുണിയിൽ ജനിച്ചു വീഴുന്നു
പൂക്കൾക്കിടയിൽ മരിച്ചുവീഴുന്നു
ആദ്യത്തെ കാഴ്ച തൻ അമ്മയെ തന്നെ
കളിക്കുന്നു, ചിരിക്കുന്നു, കരയുന്നു
ആർക്കോ വേണ്ടിയീ ജന്മം
പാറിപറക്കുന്നപറവകൾ പോലെ .....



# എന്റെ ചങ്ങായി

ആദിത്യനാഥ്

താനേതാനേ തന്നാനേ തക
താനകതാനക തന്നാനെ....
അപ്പർത്തെ വീട്ടിലെ പിള്ളേര് ചാടിയപ്പം
ഞാനും പാടിപ്പാടി...(താനേ)
ഇപ്പർത്തെ വീട്ടിലെ പിള്ളേരും ആടിയപ്പം
ഞാനും ആടി ആടിപ്പാടി..(താനേ)
എന്റെ ചങ്ങായി വെള്ളത്തിൽ ചാടിയപ്പം
ഞാനും ചാടി വെള്ളത്തില് (താനേ)
കുളത്തിൽ തുള്ളിൽ ചങ്ങായി പിന്നെ
തോട്ടിലും തുള്ളി ചങ്ങായി (താനേ)
മഴയത്തും തുള്ളി വെയിലത്തും തുള്ളി
ചങ്ങായിക്കൊപ്പം കൂടെ തുള്ളി
ഓന് വന്നില്ല  ജലദോഷം പാവം
എനിക്ക് വന്നല്ലൊ ജലദോഷം (താനേ)
താനേ താനേ തന്നാനേ തക
താനക താനക തന്നാനേ

*എന്റെ പാട്ടുകൾ*



# സാഹിത്യ ക്വിസ്സ്



സൂരജ് എം സി

1) മുസ്ലീം കാളിദാസൻ എന്ന് അറിയപ്പെടുന്നത് ?
2) കേരള യോഗീശ്വരൻ എന്നറിയപ്പെടുന്നത്?
3) കേരള പുഷ്കിൻ എന്നറിയപ്പെടുന്നത്?
4) കേരള മാർക് ട്വിൻ എന്നറിയപ്പെടുന്നത്?
5) കേരള ജോൺ ഗന്തർ എന്നറിയപ്പെടുന്നത്?
6) കേരള ഹെമിങ്ങ് വേ എന്നറിയപ്പെടുന്നത്?
7) ക്രൈസ്തവ കാളിദാസൻ എന്നറിയപ്പെടുന്നത്?
8) കേരളത്തിലെ ശ്രീഹരി എന്നറിയപ്പെടുന്നത്?
9) കേരള ഹോമർ എന്നറിയപ്പെടുന്നത്?
10) കേരള ഓർഫ്യൂസ് എന്നറിയപ്പെടുന്നത്?

## ഉത്തരങ്ങൾ

1) മോയിൻ കുട്ടി വൈദ്യർ.
2) ചട്ടമ്പി സ്വാമികൾ.
3) ഒ. എൻ. വി. കുറുപ്പ്.
4) വേങ്ങിൽ കുഞ്ഞിരാമൻ നായർ.
5) s.k പൊറ്റക്കാട്
6) m.t വാസുദേവൻ, നായർ
7) കട്ടക്കയം ചെറിയാൻ മാപ്പിള
8) ഉള്ളൂർ
9) അയ്യപ്പിള്ള ആശാൻ
10) ചങ്ങമ്പുഴ

# മാറുന്ന മലയാളി

# അകലുന്ന മലയാളം



*ശ്രീലക്ഷ്മി എം എം*

*നാടോടുമ്പോൾ നടുവേ ഓടിയാൽ പോര, ഒരു മുഴമെങ്കിലും മുന്നേ ഓടണം എന്നു വിശ്വസിച്ചതന്നെയും തനിക്കുള്ളതും വിട്ട് ഓടി തളർന്നു കിതച്ചു നിൽക്കുന്ന മലയാളി.കാലത്തിനു മുന്നേസഞ്ചരിക്കാൻ ആഗ്രഹിക്കുച്ച വേഗത്തിൽ ഓടാൻ ശ്രമിച്ച്,കാലത്തിന്റെ പോക്ക് കണ്ട് അന്തം വിട്ടു നിൽക്കുന്നു. ഈ ഓട്ടത്തിനിടയിൽ മറന്നു പോയ ചില ഓർമകൾ ,സ്വന്തമെന്നു കരുതി കൂടെകൊണ്ട് നടന്നവ കൈവിട്ട് അകന്നപ്പോൾ,തിരിച്ചുപിടിക്കാനാവുമെന്നൊരാഗ്രഹം മനസ്സിലിന്നും കാത്തുസൂക്ഷിക്കുന്ന മലയാളി.*

*ഉത്തരാധുനികതയുടെ വർണവിസ്മയങ്ങൾക്കിടയിൽ മലയാളികൾ മറന്നതും ഏറെ അകന്നതും മുൻ തലമുറ നെഞ്ചോടു ചേർത്ത് താലോലിച്ച നമ്മുടെ മലയാളം.*

*"ആറു മലയാളിക്ക് നൂറു മലയാളം.*
*അരമലയാളിക്കോരു മലയാളം.*
*ഒരു മലയാളിക്കും മലയാളമില്ല."*

*കുഞ്ഞുണ്ണിമാഷിന്റെ കവിത പോലെ "മലയാളിക്കിന്നു മലയാളമില്ല." "എനക്കു കൊഞ്ചം കൊഞ്ചം മലയാളം തെറിയും" എന്നു സങ്കടത്തോടെ പറഞ്ഞിരുന്ന കാലം മാറി.*

*ഇന്ന് മലയാളിയുടെ കൊച്ചുമക്കൾ കൈയ്യിൽ റിമോട്ടും പിടിച്ചു നെഞ്ചും വിരിച്ചു പറയുന്നു. "I don't know malayalam."*

*മലയാളഭാഷാപഠനം വിദ്യാഭ്യാസ-പഠനകാലയളവിൽ നിർബന്ധമാക്കുമെന്ന് ഉദ്യോഗസ്ഥരും മന്ത്രിപ്രഭുക്കന്മാരും പ്രസ്താവനകൾ ഇറക്കി മത്സരിക്കുമ്പോളും മലയാളം ഒരക്ഷരം പോലും പഠിക്കാതെ ബിരുദതലം വരെ ഒരു ബുദ്ധിമുട്ടുമില്ലാതെ എത്താവുന്ന*

*സാഹചര്യം ഇന്നുണ്ട്.മക്കൾ മലയാളം പറയുന്നത് കുറച്ചിലാണെന്ന് കരുതുന്ന മാതാപിതാക്കൾ മക്കളെ ചേർക്കാൻ ഇന്റർനാഷണൽ സ്കൂളുകൾ തേടി പോവുന്നു.സർക്കാർവിദ്യാലയങ്ങളിൽ വിദ്യാർഥികളുടെ എണ്ണംകുറയുന്നു. ഏപ്രിൽ–മെയ് മാസങ്ങളിൽ നിരവധി സൗജന്യങ്ങൾ പ്രഖ്യാപിച്ച് പിള്ളേരെ പിടിക്കാൻ ഇറങ്ങുന്ന അധ്യാപകരെ ഗ്രാമപ്രദേശങ്ങളിൽ കാണാം.....നമ്മുടെ വിദ്യാഭ്യാസരീതിയുടെ അലകും പിടിയും മാറിയാലേ മാതൃഭാഷയ്ക്ക് മാന്യമായ സ്ഥാനം നൽകുകയുള്ളൂ. "മലയാളത്തെ കഴിയുന്നത്ര ഒതുക്കാനും അകറ്റാനും ശ്രമിക്കുന്ന ഒരു വിദ്യാഭ്യാസ സംവിധാനമാണ് ഇവിടെയുള്ളത്."മലയാളി അച്ഛനെയും അമ്മയെയും പടിയടച്ച് പിണ്ഡം വച്ച്.ഡാഡിയെയും മമ്മിയെയും സ്വീകരണ മുറിയിൽ ഇരുത്തി പ്രൗഢിയോടെ വിളിച്ച് അഭിമാനിക്കുന്നു.മലയാളത്തെ നെഞ്ചോടുചേർത്ത് ഗൃഹാതുരയോടെ ഓർമ്മകൾ അയവിറക്കുന്ന പ്രവാസികളും മലയാളത്തെ മറക്കുന്നു.പ്രവാസിമലയാളി രണ്ടാം തലമുറയിലെത്തുമ്പോൾ തന്നെ 'മലയാളം'മറക്കുന്നു.*

*വേരുകളില്ല ,ശിഖരങ്ങളിലാണ് മലയാളികളുടെ നോട്ടം.*
*മലയാളകൾ ഏറെ മാറി. വാർദ്ധക്യത്തിൽ അന്തിയുറങ്ങാൻ*
*കൂൺ പോലെ വൃദ്ധസദനങ്ങൾ പൊങ്ങുന്നു.സാമൂഹ്യവ്യവസ്ഥിതി യുടെ ഭാഗമായിത്തന്നെ ഇത്തരം സ്ഥാപനങ്ങൾ വളർന്നു വരുന്നു.ഉപഭോഗ സംസ്കാരത്തിന്റെ ഭാഗമായി എല്ലാം ചില കൊടുക്കൽ–വാങ്ങൽ വ്യാപാരങ്ങൾ ബന്ധിച്ച നിർത്തി കുടുംബബന്ധങ്ങളുടെ അർത്ഥതലങ്ങളെ മലയാളി പുനർനിർമ്മിക്കുന്നു. മലയാളി ഒരുപാട് മാറി.എല്ലാ തലത്തിലും അർത്തത്തിലും.*

*" ജനനീ ജന്മഭൂമിശ്ച സ്വർഗാദപി ശരീയസീ."*
*എന്നാൽ ആപ്തവാക്യം അനുസരിച്ച് പെറ്റമ്മയ്ക്കും പിറന്ന ഭൂമിക്കും നാം പ്രാധാന്യം കൽപിക്കുന്നതുപോലെ മാതൃഭാഷയ്ക്കും അർഹമായ സ്ഥാനം നൽകേണ്ടതാണ്.പ്രതിസന്ധികൾ തരണം ചെയ്ത് വളർച്ചയുടെ പടികൾ കടന്ന് നമ്മുടെ മലയാള ഭാഷമുന്നേറുമെന്ന്*
*പ്രത്യാശിക്കാം.......*

# ആൽകെമിസ്റ്റ്

***പുസ്തകാസ്വാദനം***



അമൃത കെ എസ്

പ്രശസ്തനായ ബ്രസീലിയൻ സാഹിത്യകാരൻ പൗലോ കൊയ് ലൊ രചിച്ച നോവലാണ് ദി ആൽകെമിസ്റ്റ്. ആധുനിക ക്ലാസിക് സിനിമയായ ഈ കൃതി 1988 ലാണ് പ്രസിദ്ധീകരിച്ചത്. പ്രപഞ്ചരഹസ്യങ്ങളുടെ നിഗൂഢതകൾ ദാർശനികതയുടെ പിൻബലം ചാർത്തി മനസ്സിനെ പിടിച്ചുലയ്ക്കുന്ന രീതിയിൽ അവതരിപ്പിച്ചിട്ടുള്ള ആൽകെമിസ്റ്റിൽ സ്വപ്നത്തിൽ ദർശിച്ച നിധി തേടിപ്പോകുന്ന സാന്റിയാഗോ എന്ന ഇടയ ബാലന്റെ കഥയാണ് പറയുന്നത്.


ആട്ടിൻപറ്റങ്ങളെ മേച്ചുനടക്കുന്ന സാന്റിയാഗോയെ ഒരു കുട്ടി കൈപിടിച്ച് ഈജിപ്തിലേക്ക് കൂട്ടികൊണ്ടുപോകുകയും പിരമിഡുകൾക്ക് സമീപമുള്ള നിധി കാണിച്ചു കൊടുക്കുകയും ചെയ്തു. ഈ സ്വപ്ന ദർസനത്തിന്റെ പ്രേരണയിൽ യാത്രതിരിക്കുന്നു. ആൽകെമിസ്റ്റ് ആ യാത്രയുടെ കഥയാണ്.

തന്റെ യാത്രയിൽ അവൻ കണ്ടുമുട്ടുന്ന വൃദ്ധ, വൃദ്ധൻ,സ്ഫടികപാത്രകച്ചവടക്കാരൻ, കണ്ടുമുട്ടുന്ന വൃദ്ധ, വൃദ്ധൻ, സ്ഫടികപാത്രകച്ചവടക്കാരൻ, ഫാത്തിമ എന്നിവരെല്ലാം അവന്റെ ജീവിതത്തിലെ അവിസ്മരണീയനക്ഷത്രങ്ങളായിരുന്നു. സ്വന്തം ജീവതത്തെപറ്റി ബോധമുള്ളവർക്ക് മുന്നിൽ ജീവിതം സ്വയം ഉദാരമാകുമെന്ന മഹത്തായ സന്ദേശമാണ് സാന്റിയാഗോയുടെ യാത്രകള് വായനക്കാരന്റെമുന്നിൽതുറന്നുവയ്ക്കുന്നത്.

അത്യന്തം പ്രതികൂലമായസാഹചര്യങ്ങളിലൂടെ

നിയന്ത്രണംനഷ്ടപ്പെടാതെ വിധിക്ക് കീഴടങ്ങാതെ തന്റെ ജീവിതലക്ഷ്യപ്രാപ്തിയിലേക്കെത്തുന്ന സാന്റിയാ ഗോയിടെ യത്ര ഓരോ വായനക്കാരന്റെയും മനസ്സിനെ ഇരുത്തിചിന്തിപ്പിക്കുമെ ന്നതിൽ തർക്കമില്ല.

ജീവിതത്തിലൂടെ സന്ദേഹിയായ മനുഷ്യൻ നടത്തുന്ന തീർഥയാത്ര. ഐഹികജീവിതത്തിന് ദൈവികമായ സൗന്ദര്യം നൽകുന്ന വഴിയാണ് പൗലോ കൊയ് ലോയുടേത്. മരുഭൂമിയുടെ സവിശേഷസ്വഭാവങ്ങളും അതിലെ വിചിത്രമായ നിയമങ്ങളെയും കാൽപ്പനികതയുടെ കോണിലൂടെ നോക്കിക്കാണുന്ന വിചിത്രമായ ഹൃദ്യമായ അവതരണഭംഗിയും ആൽകെമിസ്റ്റിന്റെ പ്രത്യേകതയാണ്.ജീവി ച്ചിരിക്കുന്ന സാഹിത്യകാരന്റെ ഏറ്റവും അധികം ഭാഷകളിലേക്ക് തർജ്ജമചെയ്യപ്പെട്ട പുസ്തകമെന്ന നിലയിൽ ആക്കമിസ്റ്റ് ഗിന്നസ്ബുക്കിൽ *ഇടം നേടിയിട്ടുണ്ട്*



# ബാലാമണിയമ്മ

***ജീവചരിത്രം***



ചന്ദന ചന്ദൻ 9B

പുന്നയൂർക്കുളം നാലപ്പാട്ട് നാരായണൻമേനോന്റെ ഭാഗിനേയിയായബാലാമണിയമ്മ 1909 ജൂലായ് 19 ന് ജനിച്ചു.മാതൃഭൂമി ഡയറക്ടർ വി.എം.നായർ ഭർത്താവ്.വീട്ടിൽ വച്ചുതന്നെ സംസ്കൃതത്തിലും ഇംഗ്ലീഷിലും പ്രാവീണ്യം നേടി.വിശ്വസാഹിത്യകൃതികളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് ചെറുപ്പത്തിൽ തന്നെ കവിത രചന തുടങ്ങി.1930-ൽ പ്രസിദ്ധീകരിച്ച "കൂപ്പുകൈ"ആണ് ആദ്യ കവിതാസമാഹാരം. മാതൃഭാവത്തെയും ശൈശവസൗകുമാരത്തെയും തന്മയീഭാവത്തോടെ ചിത്രീകരിച്ചുകൊണ്ട് കാവ്യജീവിതം ആരംഭിച്ച ബാലാമിയമ്മ പിൽക്കാലത്ത് പൗരാണിക കൽപനകളെ ആസ്പദമാക്കി ജീവിതപ്രതിസന്ധികളും അന്തഃസംഘർഷങ്ങളും മൂല്യബോധവും തനതായശൈലിയിൽ ആവിഷ്കരിച്ചുകൊണ്ട് എഴുതിയ കവിതകൾ മലയാള സാഹിത്യത്തിൽ ഒരു പ്രത്യേകസ്ഥാനം നേടി.സാഹിത്യനപൂണ ബഹുമതി,കേന്ദ്രസാഹിത്യഅക്കാദമി അവാർഡ്,സരസ്വതീസമ്മാനം, വള്ളത്തോൾ പുരസ്കാരം, കേരളസാഹിത്യഅക്കാദമി ഫെലോഷിപ്പ്സമസ്തകേരളസാഹിത്യ പരിഷത്ത് അവാർഡ് തുടങ്ങിയവ ലഭിച്ചു.
അമ്മ,മഴുവിന്റെ കഥ, അമൃതം ഗമയ, സ്ത്രീഹൃദയം തുടങ്ങിയവ

കൃതികൾ.പ്രശസ്ത കവിയത്രി കമലാസുരയ്യയാണ് പുത്രി.2004 സെപ്റ്റംബർ 29-ന്മാലാളിയുടെ കവിമുത്തശ്ശിയായ

ബാസാമണിയമ്മ ഇഹലോകവാസം വെടിഞ്ഞു





# മഞ്ചൂരിലേക്ക്

# ഒരു യാത്ര

യാത്രാവിവരണം

അഭിൻദേവ് സുമേഷ്

*അവലാഞ്ചെയും കുന്തടാമും കാണേണ്ടതാണ്.തൊട്ടടുത്തൊരു അണ്ണാമലൈസഞ്ചാരികൾക്കിടയിൽ ഊട്ടിക്ക് പോകാത്തവർ കുറവായിരിക്കും . സഞ്ചാരികളെ കണ്ട് ഊട്ടിക്കും മടുപ്പ് തോന്നിയിട്ടുണ്ടാകണം.അപ്പോഴാണ് സഞ്ചാരികൾ അധികം എത്തിയിട്ടില്ലാത്ത ഊട്ടിയുടെ കാലാവസ്ഥയുള്ള മഞ്ചൂരിനെ പറ്റി കേൾക്കുന്നത്. പാലക്കാട്ടു നിന്ന് അട്ടപ്പാടി വഴി അങ്ങോട്ടൊരു വഴിയുണ്ട്.*

*ഉച്ചയ്ക്ക് 1.30 –ന് കണ്ണൂരിൽ നിന്ന് യാത്ര തുടങ്ങി.ഏകദേശം 3 മണിയായപ്പോൾ കോഴിക്കോട്ട് എത്തി .രാമനാട്ടുകര കഴിഞ്ഞ് കൊണ്ടോട്ടിയിൽ എത്തുമ്പോൾ ഇ.അഹമ്മദിനെ വിമാനത്താവളത്തിൽ നിന്നും സ്വീകരിച്ചു കൊണ്ടു വരുന്നതിന്റെ ആരവം റോഡു നീളെ ഉണ്ടായിരുന്നു . പെട്ടെന്നു കൊട്ടും മഴയും .പക്ഷെ മഴയിലും ആ ആവേശം തണുക്കുന്നില്ല. യാത്രയോടുള്ള സഞ്ചാരികളുടെ ആവേശവും അങ്ങനെ തന്നെ.*

*ഗതാഗത കുരുക്കിലൂടെ വണ്ടി മെല്ലെ മെല്ലെയാണ് നീങ്ങുന്നത് . മലപ്പുറത്ത് എത്തിയപ്പോഴാണ് കുരുക്കൊന്നു അയഞ്ഞത്.ഒന്ന് ചൂടാക്കാമെന്ന് കരുതിയാണ് റോഡരികിലെ തട്ടുകടയ്ക്ക് മുന്നിൽ നിർത്തിയത് . എങ്ങും ചായയില്ല.മരച്ചീനി പുഴുങ്ങിയതും പോത്തിറച്ചിയും കോഴികപാർട്സ് കറിയും മലപ്പുറത്തിന്റെ സായാഹ്ന ഭക്ഷണം .*

*പെരിന്തൽ മണ്ണ ,മണ്ണാർക്കാട്, മുക്കാലി കഴിഞ്ഞ് ഗൂളിക്കടവിലെത്തുമ്പോൾ രാത്രി ഒമ്പത് മണി. ഹോട്ടൽ തലശ്ശേരി*

*മാത്രം തുറന്നിരിപ്പുണ്ട് . രാത്രി ഭക്ഷണം കഴിഞ്ഞ് ബുക്ക് ചെയ്ത ഗസ്റ്റ് ഹൗസിലേക്കുള്ള വഴി ചേദിച്ചപ്പോൾ അഹാഡ്സിലെ ഒരു ജീവനക്കാരൻ വണ്ടിയുമായി കൂടെ വന്നു. ഒറ്റയ്ക്ക് പോയാൽ ചിലപ്പോൾ ചുറ്റി പോവും .*

*കാലത്തെഴുന്നേറ്റ് മഞ്ഞൂരിലേക്ക് യാത്ര തുടരാനായിരുന്നു പ്ലാൻ .അതിരാവിലെ കാട്ടിലൂടെയുള്ള യാത്ര .സൂക്ഷിക്കണം എന്ന് അഗളിയിൽ നിന്ന് മുന്നറിയിപ്പ് കിട്ടിയിരുന്നു . ആൾപെരുമയില്ലാത്ത റോഡാണ്. വളവുകളിൽ ശ്രദ്ധിക്കണം മഴ പെയ്തതു കൊണ്ടു ആനയിറങ്ങാൻ സാധ്യത കുറവാണ്.എന്നാലും ഒരു കണ്ണ് വേണമെപ്പോഴും .അഗളിയിൽ നിന്ന് മൂന്ന് കിലോമീറ്റർ കുഴപ്പമില്ലായിരുന്നു.*

*പിന്നീടങ്ങോട്ട് കല്ലും മുള്ളും ടയർക്ക് മെത്ത എന്ന് പാടി വേണം പോവാൻ. പഞ്ചറയാൽ പാട്ട് കരച്ചിലാകും .മുള്ളിയിൽ കേരളാ പോലീസിന്റെ ചെക്ക് പോസ്റ്റുണ്ട്.*
*ഒരു ചായ കടയും.ചായക്കട മാത്രമല്ല ,മുള്ളിയുടെ സൂപ്പർ മാർക്കറ്റ് തന്നെയാണത് .*
*പോലീസ് ചെക്ക് പോസ്റ്റിൽ ഒന്നു പരിചയപ്പെടുത്തിയാണ് മുന്നോട്ട് പോയത്*
*എന്തിനും ഒരു തെളിവ് നല്ലതാണല്ലോ.മദ്രാസ് സ്റ്റേറ്റ് ഇവിടെ തുടങ്ങുന്നു.റോഡിനിരു വശവും കൽകെട്ടിനു മുകളിൽ അത് വെണ്ടക്കാ വലിപ്പത്തിൽ തന്നെ എഴുതി വെച്ചിട്ടുണ്ട് ഒരു പെൺകുട്ടി തന്റെ വീട്ടു മുറ്റത്തെ ചപ്പു ചവറുകവൾ അടിച്ചു വാരി തമിഴ് നാട്ടിലേക്ക് തള്ളുന്നു , അപൂർവ്വം ആൾക്കാർക്ക് കിട്ടുന്ന ഭാഗ്യം !*

*തുടർന്നുള്ള 30 മീറ്റർ റോഡിന്റെ കാര്യവും കഷ്ടമാണ് .*
*പിന്നീടങ്ങോട്ട് നല്ല റോഡാണ് .വാഹനങ്ങൾ വല്ലപ്പോഴും ഒന്ന് വന്നാലായി.ഏകാന്തമായ വനപാത. വളഞ്ഞ് പുളഞ്ഞ് കിടക്കുന്ന ചുരം റോഡ്. ഇടയ്ക്കൊരു മയിൽ റോഡ് . ക്രോസ് ചെയതു. ചിലയിടത്ത് ചിത്രശലഭങ്ങളുടെ കൂട്ടം.*
*റോഡിൽ നിറയെ ആനപ്പിണ്ടങ്ങളും കാണാം. പ്യൂ പോയിന്റുകളിൽ നിന്ന് നോക്കുമ്പോൾ അകലെ മഞ്ഞ് മൂടിക്കിടക്കുന്ന മഞ്ഞൂരിനെ കാണാണം. മഴ പെയ്തുതുടങ്ങിയാൽ വഴിയോരം ഒന്നുകൂടി ഭംഗിയുള്ളതാവും. ഓരങ്ങളിൽ*

*കൊച്ചു വെള്ളച്ചാട്ടങ്ങൾ പ്രത്യക്ഷപ്പെട്ടും*
*ഏതാനും കടമുറികൾ മാത്രമുള്ള ഒരു ഗ്രാമപട്ടമാണ് മഞ്ഞൂർ. ഒരു മുക്കൂട്ടുകവലയാണ് മാർക്കറ്റും ബസ്റ്റാന്റും എല്ലാം. താമസിക്കാൻ ലോഡ്ജുണ്ടോ എന്നു ചോദിക്കുന്നത്*
*പോകലയാവണമെന്നില്ല.*
*പെൻ സോക്ക് പ്യൂ പോയിന്റിലേക്കാണ് വണ്ടി വിട്ടത്. കവലയിൽ നിന്ന് 5 കിലോമീറ്റർ റോഡ് വലിയ കുഴപ്പമില്ല.അവിടെയെത്തിയതും പേടിപ്പെടുത്തുന്ന ഒരു ബോർഡാണ് കണ്ടത്. ആരോ കുത്തിക്കോറി വരച്ചിട്ടതുപോലെ. അതിക്രമിച്ചു കടക്കരുതെന്നാണ് സാരാംശം. ഒരുവശത്ത് കൈവിലങ്ങിന്റേയും മറു വശത്ത് തോക്കിന്റെയും ചിത്രം.അവിടെ പോലീസുകാർ കാവലുണ്ട്.*
*ഫോട്ടോഗ്രാഫി നിരോധിച്ചിരിക്കയാണ്.പോലീസുകാർ കാവലില്ലാത്ത ഒരു വ്യൂ പോയിന്റും സമീപത്ത് ഉണ്ട്.വണ്ടി നിർത്തി ഞങ്ങൾ അങ്ങോട്ട് പോയി. മലനിരയിൽ നിന്ന് താഴേക്ക് കിടക്കുന്ന നാല് കൂറ്റൻ പൈപ്പുകൾ. താഴെ മലയിടുക്കിൽ ഹൈഡ്രോഡാം.ഞങ്ങൾ പിന്നിട്ടു വന്ന വഴികളുടെ ആകാശ കാഴ്ച.ചേതോഹരമാണത്.കാഴ്ച കാണാൻ കൂട്ടിന് കുരങ്ങൻമാർ വരും. കൈയ്യിലെന്തെങ്കിലും പ്രതീക്ഷിച്ചാണവരുടെ വരവ്. അവിടെ തമിഴ്നാട് വനംവകുപ്പിൻെ ഡോർമെറ്ററിയുണ്ട്. 60 രൂപയാണ് ഒകാൾക്ക്. 20 പേർക്ക് വരെ താമസിക്കാം.*

***ജീവചരിത്രം*** *തിരിച്ചിറങ്ങി മഞ്ഞൂർ കവലയിലെത്തി.*

*കിണ്ണങ്ങരയിലേക്ക് പോകാം. കുളിരിൻെ സുഖലാളനമറിയാം.അപ്പർഭവാനിയാണ് മറ്റൊരു കാഴ്ച. കോവിലുണ്ട്.ഞങ്ങൾ അങ്ങോട്ട് ചെന്നു.പേര് പോലെ തന്നെ ഇവിടം അന്നമാണ് ദൈവം.*
*എല്ലാ ചിത്തിര നാളിലും സൗജന്യമായി ഭക്ഷണം നൽകുന്നുണ്ട്. ഞങ്ങൾ ചെല്ലുമ്പോൾ മുരുകന് പാലഭിഷേകം നടക്കുകയായിരുന്നു.തമിഴ് നാടൻ വാസ്തു ശിൽപി രീതിയിലുള്ള ചെറിയൊരു കോവിൽ. തൊട്ടടുത്ത് തന്നെ ഒരാശ്രമവും .കുന്നിനു മുകളിൽ നിന്നാൽ തെളിഞ്ഞ രാത്രിയിൽ കോയമ്പത്തൂർ പട്ടണത്തിലെ വിളക്കുകളും കാരമടൈ അങ്ങാടിയിലെ വിളക്കുമെല്ലാം കാണാം*
*തമിഴ് നാടൻ വാസ്തു ശിൽപി രീതിയിലുള്ള ചെറിയൊരു കോവിൽ. തൊട്ടടുത്ത് തന്നെ ഒരാശ്രമവും .കുന്നിനു മുകളിൽ നിന്നാൽ തെളിഞ്ഞ*

*രാത്രിയിൽ കോയമ്പത്തൂർ പട്ടണത്തിലെ വിളക്കുകളും കാരമടൈ അങ്ങാടിയിലെ വിളക്കുമെല്ലാം കാണാം*

*അമ്പലത്തിന്റെ മുകളിൽ കൽക്കെട്ടുകളിൽ മുകളിൽ നിന്നപ്പോഴാണ് ശിവൻഗുഹ എന്നൊരു ബോർഡ് കണ്ടത്.താഴേക്ക് കൽപ്പടവുകളും.ഇറങ്ങി ചെല്ലുമ്പോൾ ശിവ ഭക്തിഗാനങ്ങൾ അലയടിക്കുന്നുണ്ടായിരുന്നു.ദൂരെ ഒരു നീരൊഴുക്ക് കാണാം.ഏതാണ്ട് ഒരു കിലോമീറ്റർ നടന്നപ്പോൾ ഗുഹ കണ്ടു. ഗുഹയ്ക്കകത്ത് ശിവപാർവ്വതി ശില. സങ്കീർത്തനം.അവിടെ നിന്നായിരുന്നില്ല.താഴ്വരയ്ക്കപ്പുറത്ത് എവിടെ നിന്നോ ഒഴുകി വരികയാണ്.*

*തിരിച്ചിരക്കം നട്ടുച്ചയ്ക്കാണ് മുകളിൽ കൊടും വെയിലുണ്ട് പക്ഷെ ഒന്നുമറിയുന്നില്ല .മഞ്ഞൂരിന്റെ തണുപ്പ് വെയിൽ ചൂടിന്റെ കവചമിടുന്നു. തിരിച്ചിറക്കത്തിനാണ് ആയാസം കൂടുതൽ .പെട്രോൾ ചെലവ് കുറയും, വല്ലപ്പോഴും വരുന്ന എതിർ വാഹനങ്ങൾക്ക് നമ്മളെ കാണുമ്പോൾ സന്തോഷം തിരിച്ചും അങ്ങനെ തന്നെ . തിരിച്ചു വരുമ്പോൾ മുള്ളി ചെക്ക് പോസ്റ്റിനടുത്ത് എത്തായാറായപ്പോഴാണ് കാട്ടിൽ ഒരു പാത തിരിഞ്ഞു പോകുന്നത് കണ്ടത്. ബോട്ടിങ് നടത്താമെന്നൊരു ബോർഡും .*

*കാട്ടിന് നടുവിലൂടെയാണ് പാത.അവിടെ എത്തിയപ്പോഴേക്കും സമയം കഴിഞ്ഞു പോയിരുന്നു. എന്തായാലും നല്ല സ്ഥലം. ഭവാനി നദിയിൽ കൊട്ട വഞ്ചിയിൽ ഒരു കറക്കം. അതാണ് അവിടെ ചെയ്യാനുള്ളത്. ഭവാനി നദിയിലൂടെ കാടും കാനനജീവിതവും ആസ്വദിച്ചൊരു യാത്രയ്ക്കും ഇവിടെ സൗകര്യമുണ്ട്.ഒപ്പം ആദിവാസി ജീവിതവും അവരുടെ ആചാര സവിശേഷതകളും മനസ്സിലാക്കാം. രാവിലെ 10 മണി മുതൽ 12.30 വരെയാണ് ഈ യാത്ര. ഒരു മണിക്കൂർ ട്രക്കിങ്,ഭവാനിപ്പുഴയിൽ ഒരു കുളി എന്നിവയും യാത്രയുടെ ഭാഗമാണ്.*

*തിരിച്ചെത്തി,വീണ്ടും ചെക് പോസ്റ്റ് തുറക്കാൻ അപേക്ഷയുമായി വനം വകുപ്പ് ഉദ്യോഗസ്ഥന്റെ അടുത്ത് ചെന്നു. തുറക്കാൻ വന്ന സഹായിക്ക് പക്ഷെ ഒരു വരിവൈക്ലബ്യം. കിട്ടാറുള്ള പടി കിട്ടാത്തതുകൊണ്ടായിരിക്കും. വീണ്ടും കേരളത്തിന്റെ ദുർഘടമായ പാതയിലൂടെ അഗളിയിലേക്ക്. വഴിക്ക് ചാവടിയൂർ പാലത്തിനു കീഴെ*

***ഭവാനിപ്പുഴയിലൊരു മുണ്ടിക്കുളി. ക്ഷീണം അലിഞ്ഞൊഴുകി പോയി. ശനി,ഞായർ ദിവസങ്ങളിലാണിത്. 300 രൂപയാണ് ചാർജ്. 15 വയസ്സുവരെയുള്ളവർക്ക് 200 രൂപയും 5 വയസ്സുള്ളവർക്ക് 200 രൂപയും 5 വയസ്സുപയും 5 വയസ്സുള്ളവർക്ക് 200 രൂപയും 5 വയസ്സ്*** വരെ


സൗജന്യം.

ജലം
അമൂല്യമാണ്



# കത്ത്

സാന്ത്വന



പ്രിയപ്പെട്ട കൂട്ടുകാരി സൂര്യക്ക്,

എന്തൊക്കെയുണ്ട് വിശേഷം.സുഖമല്ലേ ? ഇപ്പോൾ നിനക്ക് ഒരു കത്ത് എഴുതാം എന്ന് വിചാരിച്ചത് എന്റെ ലിറ്റിൽ കൈറ്റ്സ് ക്ലാസിനെ കുറിച്ചും അത് എടുത്ത് തരുന്ന അധ്യാപകരെ കുറിച്ചും നിനക്ക് പറഞ്ഞു തരാം എന്നു കരുതിയാണ്.വൈകുന്നേരം 4 മണിക്കാണ് ലിറ്റിൽ കൈറ്റ്സ് ആരംഭിക്കുന്നത്.ഇന്ന് നമ്മൾ കമ്പ്യൂട്ടർ യുഗത്തിലാണല്ലോ ജീവിക്കുന്നത് ,അതിന്റെ ഗുണത്തെ പറ്റിയും ദോഷത്തെ പറ്റിയും വിശദമായി മനസ്സിലാക്കി തരാൻ അധ്യാപകർക്ക് കഴിഞ്ഞിട്ടുണ്ട്. I T മേഖലയുടെ എല്ലാ വശങ്ങളെ പറ്റിയും അധ്യാപകർ വിശദമായി ക്ലാസ് എടുത്തു തന്നു.ഇതിന്റെ ഭാഗമായി ഓരോ സ്ക്കൂളുകളിലും ക്യാമ്പുകൾ നടക്കാറുണ്ട്. ഇതു വഴി ഒരു പാട് കാര്യങ്ങൾ മനസ്സിലാക്കാൻ നമുക്ക് സാധിക്കുന്നു .ഞങ്ങൾ 22 പേരാണ് ലിറ്റിൽ കൈറ്റ്സിൽ ഉള്ളത്.ഫോണിന്റെ ദുരുപയോഗത്തെ കുറിച്ചും അധ്യാപകർ ക്ലാസ് എടുത്തു തന്നു .എന്തു കൊണ്ടും നമുക്ക് രസകരമായ അനുഭവങ്ങളും I T മേഖലയിൽ വിദഗ്ധരാകാനുമുള്ള ഒരു അവസരം ലിറ്റിൽ കൈറ്റ്സ് ഞങ്ങൾക്ക് ഒരുക്കി തരുന്നു.ഇത്രയും എഴുതി നിർത്തട്ടെ......
എന്ന്

സ്നേഹപൂർവ്വം
പ്രിയകൂട്ടുകാരി
സാന്ത്വന

CYBER DREAMS

# മോഹൻദാസ് കരം ചന്ദ്


# ഗാന്ധി



നേഹ പ്രേമരാജൻ


ഇന്ത്യയുടെ രാഷ്ട്രപിതാവ്. ഒക്ടോബർ 2 ന് ജനനം. ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനശില്പിയുംനേതാവും. 1915-ൽ ഗാന്ധിജി തെക്കെ ആഫ്രിക്കയിൽ നിന്ന് മടങ്ങിയെത്തി നേതൃത്ത്വം ഏറ്റെടുത്ത ശേഷം മാത്രമാണ്കോൺഗ്രസ് സംഘടിതമായ ഒരു ബഹുജന പ്രസ്ഥാനമായി മാറിയത്. ഗാന്ധിജിയുടെ സത്യഗ്രഹ പ്രസ്ഥാനം ഇന്ത്യയിലാകെ സമരമുറയ്ക്ക് ഒരു വ്യത്യസ്ത്‌തയും തീവ്രതയും കൊണ്ടു വന്നു . ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന നിസ്സഹകരണ പ്രസ്ഥാനം, സിവിൽ ആജ്ഞാലംഘനം - ഉപ്പു സത്യഗ്രഹം, നിയമലംഘന പ്രസ്ഥാനം, ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം, വ്യക്തി സത്യഗ്രഹ പ്രസ്ഥാനം, സ്വദേശ വ്രതം എന്നിവയിലൂടെ അദ്ദേഹം അക്ഷരാർത്ഥത്തിൽ ബ്രിട്ടീഷ് ഭരണകൂടത്തെ പിടിച്ചു കുലുക്കി .1947 ആഗസ്റ്റ് 15 -ന് ഇന്ത്യ സാതന്ത്ര്യം പ്രാപിച്ചപ്പോൾ അധികാരത്തിന്റെ ഉന്നത ശ്രേണിയിലേക്ക് കടന്നുവരാതെ അദ്ദേഹം ഹിന്ദു-മുസ്ലീംഐക്യം പ്രചരിപ്പിക്കുന്നതിനായി പൊതുജനമധ്യത്തിലേക്കിങ്ങുകയാണ് ചെയ്തത്. 1948 ജനുവരി 30-ന് അദ്ദേഹം നാഥുറാം ഗോഡ്സെ എന്ന യുവാവിന്റെ വെടിയേറ്റ് മരിച്ചു.

**ഇന്ത്യയുടെ രാഷ്ട്ര പിതാവ്**



GHSS NEDUNGOME

# കടങ്കഥകൾ



ഷാന കെ 9A

1 തടി തടത്തിൽ  തല കല്യാണപന്തലിൽ

വാഴ

2 തലയിലുണ്ട് വായ തടിയിലില്ല വയറ്

ഉരൽ

3 നാവിൽ പല്ലുള്ള മുത്തശ്ശി എന്നും തിന്നും നാളികേരം

ചിരവ

4 അകത്തിരുന്ന് പുറത്തേക്ക് കാല് നീട്ടി

ഓവ്

5 അടി മദ്ദളം ഇല ചുക്കിരികായകൊക്കിരി

പുളിമരം

6 എന്റെ അമ്മ എപ്പോഴും കുട പിടിച്ച് കളിക്കുന്നു

ആമ്പൽ

7 ചത്ത പോത്ത് കോലെടുത്താ ലോട്ടം

വഞ്ചി

8 മലയിലെ മങ്കക്ക് തലയിൽ  ഗർഭം

ഓന്ത്

9 ഇരുട്ട് പുരയിൽ കുട്ട്യാന

പത്തായം

10 ചെറു ചോപ്പൻ ചെറുക്കന് കറുത്ത തലേ ക്കെട്ട്

കുന്നിക്കുരു

11 മണ്ണിനുള്ളിലെ പൊന്ന്

മഞ്ഞൾ

12 കണ്ടാൽ ചതുർത്ഥി മിണ്ട്യാന്ൽ ശകുനം

കാക്ക

13 ഉരുാം പിരട്ടാം എടുക്കാൻ വയ്യ

കണ്ണ്

14 വയറൊന്ന് വായ രണ്ട് വയറു നിറയെ മക്കൾ

തീപ്പെട്ടി

15 തലയിൽ തൊപ്പി കാലിലും തൊപ്പി

ഉലക്ക

16 കറുകറുത്ത പാറമേൽ വെളവെളുത്ത വേരോടി

ആനക്കൊമ്പ്

17 ആയിരം മല്ലൻമാർ ഒന്നിച്ച് വന്നാലും എടുത്തു മറ്റാനാവത്ത വട്ടച്ചെ മ്പ്

കിണർ

18 മുക്ക് നാല് നാക്ക് നാല് നടകാല് പത്ത്

കന്നുപൂട്ടുക

19 കണ്ണടക്കാതുറങ്ങുന്നസുന്ദരിപ്പെണ്ണ്

മത്സ്യം

*20 ഉള്ളിൽ ചെന്നാൽ പിച്ചും പേയും*

*മദ്യം*

*21 ഇരുട്ട കോരി വെയിലത്തിട്ട*

എള്ള്

# അമ്മയെത്തേടി

ചെറുകഥ



അമൽ രാജ്

വയൽവരമ്പിലൂടെ അവൾ ധൃതി പിടിച്ചു ഓടി. പുല്ലിലെ മഞ്ഞിൻ കണങ്ങൾ ചവിട്ടികൊണ്ട്അവളുടെ ഇരുകാലുകളും മുന്നോട്ട് കുതിച്ചു. അവളുടെ അമ്മയ്ക്ക് എന്തുപറ്റി എന്ന ഭയത്താൽ അവളുടെ മൃദുവായ കവിളിലൂടെ കണ്ണുനീർ ഒലിച്ചു നീങ്ങി. അമ്മയെ ഓർക്കുമ്പോൾ കൂടെ കൂടെ ഒലിച്ചു

നീങ്ങുന്ന കണ്ണുനീർ ദുഃഖത്തോടൊപ്പം അലിഞ്ഞുചേർന്നു. ഹോസ്പിറ്റൽ എന്ന വലിയ ബോർഡിന്റെ മുന്നിലൂടെ കടന്ന

പ്പോൾ രക്തത്തിന്റെ രൂക്ഷഗന്ധം അവളിലേക്കെത്തി. അ

മ്മയെ തിരയുന്ന കണ്ണുകൾ അമ്മയെ കണ്ടുപിടിച്ചപ്പോൾ

വീണ്ടും നിറഞ്ഞു. രക്തത്തിൽ കുളിച്ച കിടക്കുന്ന അവളുടെ സമനില തെറ്റിച്ചു. അപകടം പറ്റിയതാണെന്ന് ആരോ പറയുന്നത് കേട്ടപ്പോൾ ഭ്രാന്തിയെ പോലെ അവൾ അലറിവിളിച്ചു. ഒരു അനാഥയുടെ നിലവിളി ആ ഹോസ്പ്പിറ്റലിൽ മുഴുവൻ മുഴങ്ങി.

## ഒരു പിറന്നാൾ സമ്മാനം



ഹസ്ന ഷംസുദ്ധീൻ

അഞ്ജനംകൊണ്ട് കണ്ണെഴുതി പൊൻകിരണങ്ങൾ തൂകി സൂര്യദേവൻ പൂർണമായും പ്രത്യക്ഷപെട്ടിരിക്കുന്നു. അവൾ പുറത്തേക്ക് തന്നെ കണ്ണെടുക്കാതെ നോക്കിനിന്നു.പെട്ടെന്നാണത് ഓർത്തത് നാളെയല്ലെ തന്റെ പിറന്നാൾ നാളെ തനിക്ക് 12 വയസ്സ് തികയുകയാണ്.അച്ഛൻ പുതിയ ഉടുപ്പ് വാങ്ങി തരുമെന്ന് പ്രതീക്ഷിക്കാം.കഴിഞ്ഞ പിറന്നാളിന് അച്ഛൻ പുതിയ ഉടുപ്പ് വാങ്ങിതരുമെന്ന് പറഞ്ഞതാ.പക്ഷെ അത് നടന്നില്ല.അത് കാരണം അന്ന് മുഴുവനും താൻ പട്ടിണി കിടന്നത്.അച്ഛന് ഓർമ്മയുണ്ടാകും.അത്കൊണ്ട് ഇപ്പ്രാവശ്യം ഉറപ്പായും പുതിയ ഉടുപ്പ് കിട്ടും.മാളുവിന് അച്ഛൻ മാത്രമേയുള്ളൂ.അതുകൊണ്ട് അതിന്റേതായ കുറുമ്പും അവൾക്കുണ്ട്.അതും പറഞ്ഞ് അവൾ അച്ഛൻ ജോലി ചെയ്യുന്ന ഫാക്ടറിയിലേക്ക് പോയി.അവിടെയെത്തിയതും അമ്പരന്നുപോയി.ആകെ വല്ലാത്ത അന്തരീക്ഷം.ആളുകളുടെ നിലവിളികൾ കാതിൽ തീവ്രമായി കുത്തിതറക്കുന്നു.ഫാക്ടറി പൂർണമായി കത്തികരിഞ്ഞിരിക്കുന്നു.നിലവിളികൾക്കിടയിൽ അവൾടെ മിഴികൾ അച്ഛനെ തേടി.എങ്ങും കാണുന്നില്ല.ഒരു നിമിഷം അവളുടെ നെഞ്ചിടറി.കത്തികരിഞ്ഞ

**അവശിഷ്ടങ്ങൾക്കിടയിൽ അച്ഛന്റേതാണെന്ന് തോന്നിക്കുന്ന വസ്ത്രത്തിന്റെ ഒരു കഷണം കണ്ണിൽപ്പെട്ടു.അതോടെ അവളുടെ സമനില തെറ്റി.'അച്ഛാ... അവൾ അലറി വിളിച്ചു.ഒരു ഭ്രാന്തിയെപ്പോലെ അവൾ അവിടെത്തന്നെ നിന്നു.പെട്ടെന്ന് ആളുകളുടെ ഇടയിൽനിന്നും 'മോളേ എന്ന വിളി അവളുടെ ചെവിയിൽ തുളച്ചുകയറി.അത് തന്റെ അച്ഛനാണെന്ന വിശ്വാസത്തോടെ അവൾ ശബ്ദത്തെ പിന്തുടർന്നു നീങ്ങി.അച്ഛനെ കണ്ടതും അവൾ ഓടി കെട്ടിപ്പിച്ചു.ഒരു നിമിഷം താൻ അനാഥയായൊ എന്ന വേവലാതി അച്ഛനെ ഉമ്മവെച്ചു തീർത്തു.**

**മകളുടെപിറന്നാളിന് കുപ്പായം വാങ്ങാൻ പോയതായിരുന്നു അച്ഛൻ.അതിനുവേണ്ടി ഫാക്ടറിയിൽ നിന്നും നേരത്തെ ഇറങ്ങിയിരുന്നു.'എല്ലാം ദൈവത്തിന്റെ കളി ' എന്ന് പറഞ്ഞ് ദീർഘനിസ്വാസമിട്ട് അച്ഛനും മകളും വീടിനെ ലക്ഷ്യമാക്കി നീങ്ങി.**



# *ഇടശ്ശേരി ഗോവിന്ദൻനായർ*

**[ 1906-1974]**

*അനാമിക അജയൻ*



***പൊന്നാനിയിൽ ജനനം. കൂട്ടുകൃഷി, പൂത്തൻകലവും അരിവാളും, കാവിലെ പാട്ട്,പൂതപ്പാട്ട്, ഒരുപിടി നെല്ലിക്ക, അന്തിത്തിരി, കറുത്ത ചെട്ടിച്ചികൾ എന്നിവ പ്രധാന കൃതികൾ. മലബാറിലെ കേന്ദ്ര കലാസമിതിയുടെ പ്രസിഡന്റ്, സാഹിത്യപ്രവർത്തക സഹകരണസംഘം ഡയറക്ട്ർ എന്നി നിലകളിൽ പ്രവർത്തിച്ചു. കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം, കേരള സാഹിത്യ അക്കാദമി അവാർഡ്, ആശാൻ പ്രൈസ് എന്നിവ ലഭിച്ചിട്ടുണ്ട്.***

# ഫ്ഫീ..... ഫ്ഫീ.....



ഹിബ കെ കെ

ഇന്നും മാനം മുഖം വീർപ്പിട്ച്ചിരുന്നു. എത്ര നാളായിങ്ങനെ ഭൂമിയുമായുള്ള ആകർഷണം നഷ്ട പ്പെട്ട് കഴിയുന്നു. ഈ മാനത്തിന് ഒന്ന് പൊട്ടികരഞ്ഞുകൂടെ. മാനത്തിന്റെ മക്കളാണ് മഴത്തുള്ളിക- ളെന്നത് എത്ര ശരിയാണ്. ഇന്ന് മഴപെയ്യും തീർച്ച. പക്ഷെ ഇത്രയും ദിവസത്തെ മഴയുടെ ഒളിച്ചുകളി വാസുവേട്ടന്റെ നടത്തത്തിന് വേഗതകൂടിയില്ല.എന്നാലും എത്ര നാളായി കാത്തിരിക്കുന്നു. ആ കാത്തിരിപ്പിന് ഇനി അർത്ഥമില്ല. എന്നാലും എങ്ങോ എവിടെയോ ഉണ്ട് ഒരു പ്രതീക്ഷയുടെ നാമ്പ്. വാസുദേവൻ വീട്ടിലെത്തി എന്നിട്ടും മഴ തന്റെ കാമുകനായ കാറ്റിനൊപ്പം ഒളിച്ചോടി. വാസു ദേവന്റെ മനസ്സിൽ അപ്പോഴാണ് ആ വാചകം ഓർമ വന്നത്. "ദേ വന്നു ദാ പോയി " മഴയുടെ ആവശ്യകതയും നാട്ടിലെ വര ൾച്ചയും വിഷയമാക്കി മഴയ്ക്ക് ഒരു കത്തെഴുതി. മഴയ്ക്കായുള്ള ആ കത്ത് ആകെയൊന്ന് വായിച്ചുനോക്കി. അപ്പോൾ ഒരു സംശയം കത്തിൽ എത്ര രൂപയുടെ സ്റ്റാമ്പാണ് ഒട്ടിക്കേണ്ടത്.അപ്പോൾ *പുറത്ത് കാറ്റ് മന്ദമായി വീശി*

*ഫ്ഫീ....... ഫ്ഫീ..........ഫ്ഫീ......*



ശ്രീദേവി

# ഉറൂബ്

(പി.സി കുട്ടികൃഷ്ണൻ)

മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ ജനനം.കേരള സാഹിത്യ അക്കാദമിയിൽ അധ്യക്ഷനായിരുന്നു.കേന്ദ്ര കേരള സാഹിത്യഅക്കാദമി അവാർഡുകൾ ലഭിച്ചു.ഉമ്മാച്ചു,അമ്മിണി,സുന്ദരികളും സുന്ദരന്മാരും ,മിണ്ടാപെണ്ണ്,അണിയറ, മൗലവിയുംചങ്ങാതിമാരും, ഗോപാലൻ നായരുടെ താടി,രാച്ചിയമ്മ,അപ്പുവിന്റെ ലോകം തുടങ്ങിയവ പ്രധാനകൃതികൾ 1979 ൽ അന്തരിച്ചു.



# ഗാന്ധിജിയുടെ

## മഹത് വചനങ്ങൾ

*എന്റെ ജീവിതമാണ് എന്റെ സന്ദേശം

*പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക

*ഓരോ വീടും വിദ്യാലയമാണ്.മാതാപിതാക്കൾ അധ്യാപകരും

*ശ്രമത്തിലാണ് ഫലപ്രപ്തിയിലല്ല സംത്രുപ്തി ഉളവാക്കുന്നത്.സമ്പൂർണ ശ്രമം സമ്പൂർ വിജയമേകും

*സത്യമെന്നത് വെറുമൊരു വാക്കല്ല ജീവിതം മുഴുവൻ സത്യമായി തീരണം

*മന സാക്ഷിയെ ബാധിക്കുന്ന പ്രശ്നത്തിൽ ഭൂരിപക്ഷ നിയമത്തിന് പ്രത്യേക സ്ഥാനമൊന്നുമില്ല

*ആദ്യം നിങ്ങളെ അവർ അവഗണിക്കും , പിന്നെ പുഛിക്കും ,പിന്നെ അക്രമിക്കും . എന്നിട്ടായിരിക്കും നിങ്ങളുടെ വിജയം.

*മനുഷ്യനായതു കൊണ്ട് മാത്രം നിങ്ങൾ വലിയവനാകുന്നില്ല മനുഷ്യത്ത്വമുള്ളവനാകുമ്പോഴാണ് നിങ്ങൾ വലിയവനാകുന്നത്.

*അഹിംസയും സത്യവും എന്റെ രണ്ട് ശ്വാസകോശങ്ങൾ പോലെയാണ്.അവകൂടാതെ എനിക്ക് ജീവിതം സാധ്യമല്ല

*സത്യാന്വേഷിയുടെ ആത്മീയ അന്വേഷണത്തിന്റെ ഭാഗമാണ്

നിശബ്ദത

*വിദ്യാഭ്യാസത്തിന്റെ കാതൽ ചിന്തയത്രെ

*മതങ്ങൾ അന്യോന്യം വേർതിരിക്കാനല്ല മറിച്ച് കൂട്ടിയിണക്കാനാണ്

*നല്ല ഗ്രന്ഥം പരിതിയില്ലാത്ത നന്മയുടെ ചക്രവാളമാണ്

ഹിംസയിലൂടെ നേടുന്ന വിജയം വിജയമല്ല ,അത് തോൽവിയാണ് എന്തെന്നാൽ അത് വെറും നൈമിഷികം മാത്രം

*പാവത്തെ വെറുക്കുക പാപിയെ സ്നേഹിക്കുക

*കണ്ണിനു കണ്ണ് എന്നാണെങ്കിൽ ലോകം അന്തതയിവൽ ആണ്ട് പോകും

*കഠിനമായ ദാരിദ്ര്യത്താൽ വിശക്കുന്നവന്റെ മുന്നിലേക്ക് ദൈവത്തിന് റൊട്ടിയായിട്ടേ പ്രത്യക്ഷപ്പെടാൻ ആവൂ

*ഇന്നു ചെയ്യുന്ന പ്രവർത്തിയെ ആശ്രയിച്ചിരിക്കും നമ്മുടെ ഭാവി

*സമാധാനത്തിലേക്ക് ഒരു പാതയില്ല സമാധാനമാണ് പാത

*സത്യം ദൈവമാണ്

*ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

